# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5632 06/07/2012 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പട്ടികജാതി വികസന വകുപ്പ് NIIT മുഖേന ICICI ബാങ്കിൽ ഓഫീസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടിയുള്ള ഒരു പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. 22 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 36 പേർക്ക് ഇതിന്റെ തുടർച്ചയായി പുതുതായി പരിശീലനം ആരംഭിച്ചിട്ടുണ്ട്.<br><br>NIIT യുമായി സഹകരിച്ചു കൊണ്ട് വിവിധ തൊഴിൽ മേഖലകളിൽ ട്രെയിനിംഗ് ജോലി ലഭിക്കുന്നതിനായി എംപ്ലോയബിലിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്ന പേരിൽ SSLC, +2 യോഗ്യത യുള്ള 300 പേർക്ക് പരിശീലനം നല്കി.<br><br>തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശാന്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽ ഡിസൈൻ എന്ന സ്ഥാപനം മുഖേന ഓർണമെന്റൽ ടെക്സ്റ്റൈൽ ഡിസൈനിംഗിൽ 100 പേർക്ക് പരിശീലനം നൽകി. ഉല്പാദന യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഇതിനകം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സർക്കാർ ഇടപെടലിലൂടെ ഇപ്രകാരം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കമോ? | (സി) NIIT മുഖേന ICICI ബാങ്കിൽ ഓഫീസർ തസ്തികയിലേയ്ക്ക് പരിശീലനം നൽകിയ എല്ലാവർക്കും ബാങ്കിൽ നിയമനം ലഭിച്ചിട്ടുണ്ട്. NIIT മുഖേന വിവിധ തസ്തികകളിലേയ്ക്ക് (അക്കൗണ്ടന്റ്, സെയിൽസ്മാൻ, DTP ഓപ്പറേറ്റർ) പരിശീലനം നൽകിയ 300 പേരിൽ 50 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ